നം. കൈറ്റ്/2021/1350 (1) തീയതി: 30.10.2021

## സർക്കുലർ

വിഷയം: **കൈറ്റ് - സ്കൂൾ വിക്കി - വിദ്യാലയങ്ങൾ തുറക്കുന്ന ദിവസത്തെ സ്കൂളിലെ മികച്ച ദൃശ്യങ്ങൾ പകർത്തി ഡോക്യുമെന്റ് ചെയ്യുന്നത് സംബന്ധിച്ച്**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ പത്തൊൻപത് മാസത്തിന് ശേഷം നവംബർ ഒന്നിന് വീണ്ടും സജീവമാകുകയാണ്. വളരെ ദീർഘമായ അവധിക്ക് ശേഷമുള്ള ഈ കൂടിച്ചേരലിന്റെ മനോഹരമായ ദൃശ്യങ്ങൾ പകർത്തി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കൈറ്റ് 'തിരികെ വിദ്യാലയത്തിലേക്ക്' എന്ന പേരിൽ സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലെ പൊതുവിദ്യാലയങ്ങൾക്കായി ഒരു ഫോട്ടോഗ്രഫി മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നു.

കേരളത്തിലെ പതിനായിരത്തോളം സ്കൂളുകളെ കോർത്തിണക്കിക്കൊണ്ട് തയ്യാറാക്കിയിട്ടുള്ള 'സ്കൂൾ വിക്കി'യിൽ 2016 മുതലുള്ള സംസ്ഥാന സ്കൂൾ കലോത്സവങ്ങളുടെ രചനാമത്സരങ്ങളും ചിത്ര കാർട്ടൂൺ മത്സരങ്ങളും ഉൾപ്പെടുത്തിയതിന്റെയും എല്ലാ സ്കൂളുകളുടെയും ഡിജിറ്റൽ മാഗസിനുകൾ അപ്‌ലോഡ് ചെയ്തതിന്റെയും കോവിഡ് കാലത്ത് 'അക്ഷരവൃക്ഷം' എന്ന പേരിൽ 56399 കുട്ടികളുടെ സൃഷ്ടികൾ ലഭ്യമാക്കിയതിന്റെയും മാതൃകയിൽ ഈ ചിത്രങ്ങൾ പൊതുജനങ്ങൾക്ക് കാണാനായി പ്രദർശിപ്പിക്കും. ചിത്രങ്ങളോടൊപ്പംതന്നെ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. വിദ്യാലയങ്ങൾ തുറക്കുന്ന നവംബർ ഒന്ന്, രണ്ട്, മൂന്ന് തീയതികളിലെ കുട്ടികളുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ചിത്രീകരണം, സ്കൂൾ പ്രവേശനത്തിന്റെ ആഹ്ലാദവും ആവേശവുമുള്ള ചിത്രങ്ങൾ തുടങ്ങിയ വിദ്യാലയ രംഗങ്ങളുടെ ഫോട്ടോകളാണ് മത്സരത്തിന് പരിഗണിക്കുന്നത്.

2. ഫോട്ടോകൾ തനതായിരിക്കണം, ഏതെങ്കിലും തരത്തിലുള്ള ഇമേജ് മാനിപുലേഷൻ വരുത്തിയ ചിത്രങ്ങൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

3. ഫോട്ടോകൾ പരമാവധി വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കണം. ചടങ്ങുകളുടെയോ വ്യക്തികളുടേയോ ചിത്രങ്ങൾക്ക് പ്രാധാന്യം നൽകുന്നതാകരുത്.

4. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാലയങ്ങൾ മികച്ച 5 ഫോട്ടോ വരെ സ്കൂൾ വിക്കി പേജിൽ ലഭ്യമാക്കിയിട്ടുള്ള ലിങ്ക് വഴി നവംബർ 2, 3 തീയതികളിൽ (നവംബർ 3-ന് വൈകിട്ട് 5 മണിക്കകം) അപ് ലോഡ് ചെയ്യേണ്ടതാണ്.

5. അയക്കുന്ന ഫോട്ടോയുടെ ഫയൽ നാമം **BS21_Dist short name_school code_number of photo.jpg** എന്ന രൂപത്തിലായിരിക്കണം .

   **(Dist short name - TVM, KLM, PTA, ALP, IDK, KTM, EKM, TSR, PKD, MLP, WYD, KKD, KNR, KGD)**

   *ഉദാഹരണം: ആലപ്പുഴ ജില്ലയിലെ 35028 സ്കൂൾകോഡായ വിദ്യാലയത്തിലെ ഒന്നാമത്തെ ചിത്രത്തിന്റെ ഫയൽനാമം* ***BS21_ALP_35028_1.jpg***

6. ഫോട്ടോകൾ 2MB ഫയൽ സൈസിൽ കുറവുള്ളതും jpg ഫോർമാറ്റിലും ആയിരിക്കണം. ഫോട്ടോയുടെ ഓറിയന്റേഷൻ ലാൻഡ്സ്കേപ്പും റസല്യൂഷൻ 1920 X1250 ഉം ആയിരിക്കണം

7. അപ്‌ലോഡ് ചെയ്ത് ലഭിക്കുന്ന ഫോട്ടോകൾ കൈറ്റ് നിശ്ചയിക്കുന്ന ജൂറി പരിശോധിച്ച് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും സമ്മാനങ്ങൾ നൽകുന്നതാണ്. സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് യഥാക്രമം 25000/-, 20000/-, 10000/-രൂപയും ജില്ലാതലത്തിൽ യഥാക്രമം 5000/-, 3000/-, 2000/- രൂപയും സമ്മാനമായി നൽകുന്നതാണ്. ഈ തുക പി.ടി.എ അക്കൗണ്ട് വഴി സ്കൂൾ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

8. അപ്‌ലോഡ് ചെയ്ത മുഴുവൻ ചിത്രങ്ങളും schoolwiki.in വഴി എല്ലാവർക്കും കാണാൻ കൈറ്റ് പ്രദർശന സംവിധാനമൊരുക്കുന്നതും അതുകൊണ്ട് തന്നെ സ്കൂൾവിക്കിയിലെ സ്കൂളിനെക്കുറിച്ചുള്ള വിവരങ്ങൾ കാലാനുസൃതമായി പുതുക്കാനും സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. തിരഞ്ഞെടുത്ത ചിത്രങ്ങൾ നിശ്ചിത ഹാളുകളിലായി പ്രത്യേക പ്രദർശനം നടത്താനുള്ള സാധ്യതയും പ്രയോജനപ്പെടുത്തുന്നതാണ്.

കെ. അൻവർസാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ-എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്
ജോയിന്റ് ഡയറക്ടർ (അക്കാഡമിക്) എച്ച്.എസ്.ഇ.
ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം) വി.എച്ച്.എസ്.ഇ.
എല്ലാ ആർ.ഡി.ഡി. (എച്ച്.എസ്.ഇ.) /എ.ഡി. (വി.എച്ച്.എസ്.ഇ.)മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും- ജില്ലാകോ-ഓർഡിനേറ്റർ മുഖേന
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ